**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **01-02-2023 - ൽ മറുപടിയ്ക്ക്**

**സോഷ്യൽ മീഡിയ വഴിയുള്ള അപവാദ പ്രചാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിദേശത്തുള്ള ചുരുക്കം ചില ഇന്ത്യൻ പൗരന്മാർ കേരളത്തിലെ വിവിധ മേഖലകളിൽ സേവനം അനുഷ്ഠിക്കുന്നവർക്കെതിരെ സോഷ്യൽ മീഡിയ വഴി നടത്തുന്ന സൈബർ ആക്രമണങ്ങൾ തടയുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | വ്യാജ സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഉപയോഗിച്ച് നടത്തുന്ന കുറ്റകൃത്യങ്ങൾക്ക് ഏത് രാജ്യത്ത് നിന്നാണോ കുറ്റകൃത്യം ഉദ്ഭവിച്ചിട്ടുള്ളത് ആ രാജ്യവുമായി Mutual Legal Assistance Treaty (MLAT) പ്രകാരം നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത കരാർ നിലവിലില്ലാത്ത രാജ്യങ്ങളിൽ നിന്നുള്ള ഇത്തരം കുറ്റകൃത്യങ്ങൾക്ക് Cr.PC സെക്ഷൻ 166-A, പ്രകാരം Letters Rogatory തയ്യാറാക്കി സോഷ്യൽ മീഡിയ അക്കൗണ്ടുകളുടെ രജിസ്ട്രേഷൻ ഡീറ്റെയിൽസ്, ആക്സസ് ഡീറ്റെയിൽസ്, ഐ.പി അഡ്രസ്സ്, മറ്റ് അനുബന്ധ വിവരങ്ങളും ശേഖരിക്കുന്നതിനും കുറ്റകൃത്യങ്ങൾക്ക് പിന്നിൽ പ്രവർത്തിച്ച കുറ്റക്കാരെ കണ്ടെത്തി IT Act 2000-ലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നിയമ നടപടികൾ, സ്വീകരിച്ചു വരുന്നു.ഇത്തരം ആക്രമണങ്ങൾ തടയുന്നതിനായി സോഷ്യൽ മീഡിയ അക്കൗണ്ടുകൾ നിരന്തരം നിരീക്ഷിക്കുന്നതിന് സോഷ്യൽ മീഡിയ സെല്ലുകളെ ചുമതലപ്പെടുത്തിയിട്ടുള്ളതും സൈബർ പോലീസ് സ്റ്റേഷനുകളിലോ പോലീസ് സ്റ്റേഷനുകളിലോ സൈബർ ആക്രമണങ്ങളെ സംബന്ധിച്ച പരാതികൾ ലഭിച്ചാൽ ഉടൻ തന്നെ ഇത്തരം അക്കൗണ്ടുകളും പോസ്റ്റുകളും നീക്കം ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നു. സൈബർ ഡോമിൽ നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള സാങ്കേതിക വിദ്യകളുടെ സഹായത്തോടെ സൈബർ ഇടങ്ങളിൽ സൈബർ പട്രോളിംഗ് നടത്തി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇത്തരത്തിൽ സോഷ്യൽ മീഡിയ വഴി നേരിട്ട അപവാദ പ്രചരണങ്ങൾക്കെതിരെ 349/Ptn./CCPS/DR/22 നമ്പർ പ്രകാരം സൈബർ | (ബി) | 349/PTN/CCPS/DR/22 നമ്പർ പ്രകാരം കോഴിക്കോട് റൂറൽ സൈബർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പരാതിയിന്മേൽ |

| | | | |
|---|---|---|---|
| | ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത പെറ്റീഷനിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | | പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള ഫേസ്ബുക്ക് അക്കൗണ്ടിന്റെ ഉടമയുടെ വിവരങ്ങൾ ലഭിക്കുന്നതിനായി ഫേസ്ബുക്കിന്റെ കാലിഫോർണിയായിലെ ലീഗൽ എൻഫോഴ്സ്മെന്റ് ഏജൻസിക്ക് റിപ്പോർട്ട് അയച്ചിട്ടുണ്ട്. വിവരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത അപവാദ പ്രചരണങ്ങൾ നടത്തി സമൂഹത്തിൽ തെറ്റിദ്ധാരണ പടർത്തിയവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | സോഷ്യൽ മീഡിയ വഴി അപവാദ പ്രചരണങ്ങൾ നടത്തുന്ന വിദേശത്തുള്ള സോഷ്യൽ മീഡിയ അക്കൗണ്ട് ഉടമകൾക്കെതിരെ നിയമ നടപടികൾ കൈക്കൊള്ളുകയും അപവാദ പ്രചരണങ്ങൾ ഉൾക്കൊള്ളുന്ന അക്കൗണ്ടുകളും പോസ്റ്റുകളും ബന്ധപ്പെട്ട സോഷ്യൽ മീഡിയ ഏജൻസി മുഖേന നീക്കം ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ നിലവിലുള്ള നിയമ പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് കുറ്റക്കാർക്കെതിരെ കർശന നടപടികളും സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ